പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.204

28/05/2019-ൽ
മറുപടിയ്ക്ക്

## യൂണിവേഴ്സിറ്റി കോളേജ് വിദ്യാർത്ഥിനിയുടെ ആത്മഹത്യാശ്രമം

**ചോദ്യം**

**മറുപടി**

ശ്രീ.കെ.എൻ.എ ഖാദർ :

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ഓരോ വർഷവും അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികളിൽ എട്ടിലൊന്ന് എന്ന കണക്കിൽ പഠനാന്തരീക്ഷം അനുയോജ്യമല്ല എന്ന് കണ്ട് മറ്റ് കോളേജുകളിലേക്ക് മാറിപ്പോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തിൽ അന്വേഷണം നടത്തി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഇല്ല; കേരള യൂണിവേഴ്സിറ്റി ഓൺലൈൻ പ്രകാരം നടത്തുന്ന അഡ്മിഷനിൽ ഹയർ ഓപ്ഷൻ മറ്റ് കോളേജുകളിൽ സ്വീകരിച്ചിട്ടുള്ള വിദ്യാർത്ഥികൾ മാറി പോവുകയും, ആ സ്ഥാനത്ത് യൂണിവേഴ്സിറ്റി അലോട്ട് ചെയ്യുന്ന പുതിയ വിദ്യാർത്ഥികൾ അഡ്മിഷൻ എടുക്കുകയുമാണ്. പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുള്ള മറ്റ് കോഴ്സുകളിൽ അഡ്മിഷൻ കിട്ടുന്ന വിദ്യാർത്ഥികളും റ്റി.സി വാങ്ങി പോകുന്നുണ്ട്. കോഴ്സിനിടെ കൊഴിഞ്ഞു പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം നാമമാത്രമാണ്. NAAC അക്രഡിറ്റേഷന് വേണ്ടി തയ്യാറാക്കിയ കണക്കുകൾ പ്രകാരം 2017-18 അദ്ധ്യയന വർഷത്തിൽ കൊഴിഞ്ഞ് പോക്ക് 4.7% മാത്രമാണ്. ഇതിൽ തന്നെ മിക്ക കുട്ടികളും ഗാർഹികമായ കാരണങ്ങൾ കൊണ്ടും, തൊഴിൽ തേടിയും മറ്റുമാണ് കോളേജ് വിട്ടുപോകുന്നത്. മിക്ക ക്ലാസ്സുകളിലുമുള്ള കുട്ടികളുടെ എണ്ണം അനുവദിക്കപ്പെട്ടതിന് തുല്യമോ അതിനടുത്തോ ആണെന്നതു തന്നെ ഇതിന് തെളിവാണ്. 17 വിഷയങ്ങളിൽ ഗവേഷണവും, 12 എം.ഫിൽ കോഴ്സുകളും നടക്കുന്ന കോളേജാണിത്. അഡ്മിഷനുള്ള വമ്പിച്ച തിരക്ക് തന്നെ ഉയർന്ന വിദ്യാഭ്യാസ നിലവാരത്തിന് ദൃഷ്ടാന്തമാണ്. അദ്ധ്യാപകരുടെ യോഗ്യത, വിദ്യാർത്ഥികളുടെ പ്രകടനം, അദ്ധ്യയന നിലവാരം ഇവയൊക്കെ പരിശോധിച്ച് NAAC അടുത്തിടെ കോളേജിന് എ ഗ്രേഡ് നല്കിയിട്ടുണ്ട്. NIRF കേരളത്തിൽ ഏറ്റവും |

| | | | |
|---|---|---|---|
| | | | ഉയർന്ന റാങ്ക് നല്കിയ കോളേജും ഇതാണ്. ഭൗതിക സാഹചര്യങ്ങളിലെ ചില ന്യൂനതകളൊഴികെ മറ്റെല്ലാ പഠനസൗകര്യങ്ങളും ഈ കോളേജിൽ വിദ്യാർത്ഥികൾക്ക് ലഭ്യമാണ്. |
| (ബി) | ഈ അടുത്ത കാലത്ത് സഹപാഠികളുടെ ഭീഷണി മൂലം വിദ്യാർത്ഥിനി ആത്മഹത്യക്ക് ശ്രമിച്ച സംഭവത്തിൽ പോലീസിന്റെ നിഷ്പക്ഷമായ അന്വേഷണം നടക്കുന്നില്ലെന്ന പരാതി ഉണ്ടായിട്ടുണ്ടോ; ഇതിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | (ബി) | അത്തരം പരാതി ലഭിച്ചിട്ടില്ല. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**